**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5598** **08-07-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നവകേരള സദസുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 6423 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിലേക്ക് അർഹമായവയിൽ നടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | കൊല്ലം ജില്ലാ കളക്ടറുടെ പോർട്ടലിൽ ലഭ്യമായ പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം നിരസിച്ചുവെന്നും എത്രയെണ്ണം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട മടക്കിയിട്ടുണ്ടെന്നും എത്രയെണ്ണം തുടർ നടപടികൾക്കായി ജില്ലാ കളക്ടറുടെ പോർട്ടലിൽ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഇതിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം 29-ഉം അർഹമല്ലാത്ത അപേക്ഷകളുടെ എണ്ണം 1462-ഉം ആണ്. 1978 അപേക്ഷകളിൽ അധിക വിവരം ആരാഞ്ഞിരിക്കുകയാണ്. തുടർ നടപടികൾക്കായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം 1845 ആണ്. |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ളതും നവകേരള സദസ്സിൽ ഉൾപ്പെടാത്തതുമായ എത്ര അപേക്ഷകൾ കൊല്ലം ജില്ലാ കളക്ടറുടെ പോർട്ടലിൽ നിലവിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ കൊല്ലം കളക്ടറേറ്റിൽ നിന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നും എത്ര അപേക്ഷകൾ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട മടക്കിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തുടർ നടപടികൾക്കായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ളതും നവകേരള സദസ്സിൽ ഉൾപ്പെടാത്തതുമായ 845 അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്. കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ 725 അപേക്ഷകൾ നിരസിക്കുകയും 1036 എണ്ണം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട മടക്കുകയും ചെയ്തിട്ടുണ്ട് . 2492 അപേക്ഷകൾ തുടർ നടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ